# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 948 — 29/09/2011 - ൽ മറുപടിക്ക്

## പുതിയ ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപകർക്കുള്ള ശമ്പളം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ:കെ.കുഞ്ഞമ്മത് മാസ്റ്റർ : | | ശ്രീ. പി.കെ.അബ്ദുറബ്ബ്. (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | മലബാർ മേഖലയിലെ പുതിയ ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപകർക്ക് തസ്തിക അനുവദിച്ച് ശമ്പളം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ഗവ. ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. എയ്ഡഡ് ഹയർ സെക്കന്ററി അദ്ധ്യാപകരുടെ തസ്തിക സൃഷ്ടിക്കാനുള്ള ശുപാർശ സർക്കാർ പരിഗണനയിലാണ്. സൃഷ്ടിച്ച/ സൃഷ്ടിക്കുന്ന തസ്തികളിൽ നിയമം അനുശാസിക്കുന്ന വിധം നിയമനം നടത്തിയ ശേഷം മാത്രമേ ശമ്പളം നൽകുന്ന കാര്യം ഉദിക്കുന്നുള്ളൂ. |
| (ബി) | ഹയർ സെക്കന്ററി സ്കൂളിൽ ജോലി ചെയ്യുന്ന ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം ഉയർത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ബി) | ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം ഉയർത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. ജൂനിയർ അദ്ധ്യാപകരുടെ ദിവസ വേതനം 250 രൂപയിൽ നിന്നും 500 രൂപയായും സീനിയർ അദ്ധ്യാപകരുടേത് 300 രൂപയിൽ നിന്ന് 600 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.